നമ്പർ: ഇ എൽ3 164458/2019 6373

കളക്ടറേറ്റ്, തൃശ്ശൂർ

തീയതി: 18.11.2020

പ്രേഷകൻ

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ &

ജില്ലാ കളക്ടർ തൃശ്ശൂർ

സ്വീകർത്താവ്

എല്ലാ എയ്ഡഡ് സ്കൂൾ / കോളേജ് മാനേജർമാർക്കും

സർ,

വിഷയം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2020 - വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തൽ - സംബന്ധിച്ച്

സൂചന:

*** *** ***

2020 ഡിസംബർ മാസം 10-ാം തിയതി നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് താങ്കളുടെ സ്ഥാപനം വോട്ടെടുപ്പ് കേന്ദ്രമാണ്. കഴിഞ്ഞ ഏതാനും മാസങ്ങളായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കോവിഡ് 19 മഹാവ്യാധിയെ തുടർന്ന് അടച്ചിടേണ്ടിവന്നിട്ടുള്ളതിനാൽ സ്ഥാപനത്തിന്റെ പരിസരവും മുറികളും വൃത്തിഹീനവും, സുരക്ഷിതമല്ലാത്തതുമായി മാറിയിട്ടുണ്ട്. ദീർഘനാളായി സ്ഥാപനം ഉപയോഗമില്ലാതെ കിടന്നതിനാൽ ഇലക്ഷൻ ആവശ്യത്തിനായി തുറന്ന് പ്രവർത്തിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ താങ്കളുടെ സ്ഥാപനത്തിന്റെ സുരക്ഷ ഉറപ്പുവരുത്തി, മുറികളും പരിസരവും പൂർണ്ണമായും വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്. കൂടാതെ വെള്ളം, വെളിച്ചം, ടോയ് ലറ്റ് സൗകര്യം, ഉറപ്പും വൃത്തിയുമുള്ള ഫർണിച്ചറുകളുടെ ലഭ്യത എന്നിവയും വോട്ടെടുപ്പുമായി ബന്ധപ്പെട്ട് 09.12.2020, 10.12.2020 എന്നീ തീയതികളിൽ ഉറപ്പുവരുത്തേണ്ടതാണ്.

മേൽപറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുംവിധം നടപടികൾ പൂർത്തീകരിച്ച് ഏഴുദിവസത്തിനുള്ളിൽ വിവരം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

18/11/20

ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ)

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ &

ജില്ലാ കളക്ടർക്കുവേണ്ടി, തൃശ്ശൂർ.

പകർപ്പ്:

വിദ്യാഭ്യാസ ഉപഡയറക്ടർ, സിവിൽസ്റ്റേഷൻ തൃശ്ശൂർ - ഡെപ്യൂട്ടി ഡയറക്ടർ, കോളേജിയേറ്റ് എഡ്യൂക്കേഷൻ, തൃശ്ശൂർ — ഉത്തരവ് ബന്ധപ്പെട്ടവരെ പാലിക്കുന്നുണ്ടെന്ന ഉറപ്പുവരുത്തേണ്ടതാണ്.

Emailed on 18.11.20, 1:11 PM

പുറത്തെഴുത്ത് നമ്പർ. സി1/5933/20 dt 23/11/20

എല്ലാ ഹൈസ്കൂൾ പ്രധാനാധ്യാപകരുടെയും അറിവിലേക്കായി നൽകുന്നു. ഇതിൽ പറഞ്ഞിരിക്കുന്ന പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുസംബന്ധിച്ച വിവരം ഈ കാര്യാലയത്തിലേക്ക് രണ്ട് ദിവസത്തിനകം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

23/11/20

ഡി.ഇ.ഒ

തൃശ്ശൂർ.